ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി

178 (1211) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാവസായികാവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

വ്യാവസായിക ആവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല

ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിനുള്ള സംവിധാനം

179 (1212) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ തരം തിരിവ് സംബന്ധിച്ച് ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് എത്ര പരാതികൾ ലഭ്യമായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിന് പരിഹാരം കണ്ടു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് 5676 പരാതികൾ ലഭ്യമായിട്ടുണ്ട്.

(ബി) ഡാറ്റാ ബാങ്ക് സംബന്ധിച്ച പരാതികൾക്ക് പരിഹാരം കണ്ടത് സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly